STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.243/PR/SPMC/PHQ/2022 Date:17.11.2022

## ചേർത്തല-വാളയാർ ദേശീയപാതയിൽ ലെയ്ൻ ട്രാഫിക് :
## സംസ്ഥാന പോലീസ് മേധാവി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

ചേർത്തല - വാളയാർ ദേശീയപാതയിൽ ലെയ്ൻ ട്രാഫിക് സംവിധാനം നടപ്പാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് ഉത്തരവ് പുറപ്പെടുവിച്ചു. ലെയ്ൻ ട്രാഫിക് സംവിധാനത്തെ കുറിച്ച് പഠിച്ച നിയമസഭയുടെ പെറ്റീഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് നടപടി.

ലെയ്ൻ ട്രാഫിക് സംവിധാനം കർശനമായി പാലിക്കേണ്ടതിന്റെ ആവശ്യകത ചെക്പോസ്റ്റുകളിലും ടോൾബൂത്തുകളിലും വെച്ച് ട്രക്ക് ഉൾപ്പെടെയുള്ള ഹെവി വാഹന ഡ്രൈവർമാരെ ബോധ്യപ്പെടുത്താൻ എല്ലാ ജില്ലാ പോലീസ് മേധാവിമാരും നടപടി സ്വീകരിക്കണം. ലെയ്ൻ ട്രാഫിക് സംവിധാനത്തിന്റെ പ്രായോഗികതയും ആവശ്യകതയും യാത്രക്കാരെയും ഡ്രൈവർമാരെയും ബോധ്യപ്പെടുത്താനായി ക്യാമ്പയിൻ ആരംഭിക്കും. ജില്ലാ പോലീസ് മേധാവിമാർ ഇതിന് മേൽനോട്ടം വഹിക്കും.

ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ യോഗം ഈ മാസം തന്നെ വിളിച്ചുചേർക്കാൻ ജില്ലാ പോലീസ് മേധാവിമാർ നടപടി സ്വീകരിക്കും. ട്രാഫിക്കിന്റെ ചുമതലയുള്ള ദക്ഷിണ മേഖലാ, ഉത്തര മേഖലാ എസ്.പിമാർ യോഗങ്ങളിൽ സംബന്ധിക്കും. ലെയ്ൻ ഡ്രൈവിംഗ് ലംഘനങ്ങൾ തടയുന്നതിനുള്ള ജില്ലാതല പദ്ധതികൾക്ക് യോഗം രൂപം നൽകും.

നിയമം നടപ്പാക്കുന്നതിനായി വാഹനങ്ങൾ തടഞ്ഞുനിർത്തേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പകരം വീഡിയോ ക്യാമറ, ഡാഷ് ക്യാമറ, ശരീരത്തിൽ ധരിക്കുന്ന ക്യാമറ എന്നിവ ഉപയോഗിക്കും. നമ്പർപ്ലേറ്റ് തിരിച്ചറിയാനുള്ള ക്യാമറകൾ നിലവിലുള്ള സ്ഥലങ്ങളിൽ അവയുടെ സേവനവും വിനിയോഗിക്കും. വാഹന പരിശോധന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ആകാത്ത തരത്തിൽ വേണമെന്നും നിർദ്ദേശമുണ്ട്.

നിയമലംഘനം സംബന്ധിച്ച ചിത്രങ്ങളും വീഡിയോകളും ശുഭയാത്ര ഹെൽപ് ലൈൻ ആയ 9747001099 എന്ന നമ്പരിലേക്ക് വാട്സ് ആപ്പ് ആയി അയയ്ക്കാം. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളിൽ നിയമനടപടി സ്വീകരിക്കും.

പദ്ധതിയുടെ ഏകോപനച്ചുമതല ക്രമസമാധാന വിഭാഗം എ.ഡി.ജി.പി, ട്രാഫിക് ഐ.ജി എന്നിവർ നിർവ്വഹിക്കും. നിർദ്ദേശങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ എല്ലാ ജില്ലാ പോലീസ് മേധാവിമാരും ഡിസംബർ 15 ന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

************************